**2010, ഖുത്വ്ബ നമ്പര്‍-06**

بسم الله الرحمن الرحيم

**05.02.2010**
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

# പ്രത്യക്ഷവും പരോക്ഷവുമായ പാപങ്ങളില്‍ നിന്ന് വിട്ട് നില്‍ക്കുവിന്‍

وَذَرُوْا ظَاهِرَ الْاِثْمِ وَبَاطِنَهٗ ؕ اِنَّ الَّذِيْنَ يَكْسِبُوْنَ الْاِثْمَ سَيُجْزَوْنَ بِمَا كَانُوْا يَقْتَرِفُوْنَ ﴿١٢١﴾

(6:121)

പാപങ്ങളില്‍ നിന്ന് പ്രകടമായതും അതില്‍ നിന്ന് ഗോപ്യമായതും നിങ്ങള്‍ വര്‍ജ്ജിക്കുക.തീര്‍ച്ചയായും പാപം ചെയ്യുന്നവര്‍ക്ക് അവര്‍ സമ്പാദിച്ചുകൊണ്ടിരിക്കുന്നതിനനുസരണമായി പ്രതിഫലം നല്‍കപ്പെടുന്നതാണ്.

ഈ ആയത്തില്‍ اِثْم എന്ന വാക്ക് രണ്ട് പ്രാവശ്യമാണ് വന്നിട്ടുള്ളത്. നിഘണ്ടുവില്‍ ഈ പദത്തിന്റെ അര്‍ത്ഥം പാപം, കുറ്റം, ഏതെങ്കിലും വിധത്തിലുള്ള അപരാധങ്ങള്‍, അതിര്‍ലംഘനം, ശിക്ഷക്കിരയാകുന്ന വിധത്തിലുള്ള ധിക്കാരപരമായ പ്രവര്‍ത്തനങ്ങള്‍, നന്മകളില്‍ നിന്ന് മനുഷ്യനെ തടയുന്ന പ്രവൃത്തി അല്ലെങ്കില്‍ ചിന്തകള്‍, നിയമവിരുദ്ധമായ പ്രവര്‍ത്തനങ്ങള്‍ എന്നൊക്കെയാണ്. ذَنْب എന്ന പദത്തിന്റെ അര്‍ത്ഥവും പാപം എന്ന് തന്നെയാണ്. എന്നാല്‍ ഈ രണ്ട് പദങ്ങള്‍ തമ്മിലുള്ള വ്യത്യാസമായി ചില നിഘണ്ടുകര്‍ത്താക്കള്‍ പറയുന്നത് മനസ്സറിഞ്ഞും അല്ലാതെയും ചെയ്യുന്ന ദുഷ്പ്രവര്‍ത്തികള്‍ ذَنْب എന്നും اِثْم എന്നാല്‍ പാപമാണെന്ന ബോധ്യത്തോടു കൂടി ചെയ്യുന്ന ചെയ്യുന്ന പ്രവൃത്തികളാണ് എന്നുമാണ്. അല്ലാഹു പ്രസ്തുത ആയത്തില്‍ اِثْم യുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളിലേക്കാണ് ശ്രദ്ധ ക്ഷണിക്കുന്നത്. അതില്‍ ഒരു കല്‍പന നിങ്ങള്‍ പ്രകടമായതും ഗോപ്യമായതുമായ പാപങ്ങളില്‍ നിന്ന് രക്ഷപ്പെടുക എന്നതാണ്. ഓരോ പ്രവൃത്തികള്‍ ചെയ്യുന്നതിന് മുമ്പും ചിന്തിക്കുക. ചില കാര്യങ്ങള്‍ കണ്ടാ ല്‍ ബാഹ്യമായി തന്നെ നമുക്ക് അത് തെറ്റാണെന്ന് അറിയാം. അത് പൈശാചികമായ പ്രവര്‍ത്തികളാണ്. എന്നാല്‍ മറ്റ് ചില കാര്യങ്ങള്‍ ബാഹ്യമായി നമുക്ക് നല്ലതെന്ന് തോന്നിയേക്കാമെങ്കിലും യഥാര്‍ത്ഥ ത്തില്‍ അത് ദൂഷ്യഫലങ്ങള്‍ ഉണ്ടാക്കുന്നതായിരിക്കും. അതിന്റെ യഥാര്‍ത്ഥവശം ഗോപ്യമായിരിക്കും. ശൈത്ത്വാന്‍ മനുഷ്യനോട് നീ ഇന്ന പ്രവൃത്തി ചെയ്തുകൊള്ളുക, ഇത് വലിയ തിന്മയൊന്നുമല്ല എന്നു പറയും. എന്നാല്‍ ആ പ്രവൃത്തി ചെയ്തതിന് ശേഷമാണ് എത്ര മോശമായ പ്രവൃത്തിയിലാണ് താന്‍ അകപ്പെട്ടിട്ടുള്ളതെന്നും ഇതില്‍ നിന്ന് പുറത്ത് കടക്കാന്‍ വളരെ പ്രയാസമാണ് എന്നൊക്കെ അറിയുന്നത്. ഇത്തരം സന്ദര്‍ഭങ്ങളില്‍ ഒന്നിന് പിറകെ മറ്റൊന്നായി വിവിധ തിന്മകളില്‍ അകപ്പെടുന്നു. അല്ലാഹു പറയുന്നു; ഭയഭക്തിയിലധിഷ്ഠിതമായി പ്രവര്‍ത്തിക്കുന്നവര്‍ തിന്മകളുടെ ബാഹ്യാവസ്ഥയില്‍ നിന്നും രക്ഷപ്പെടുകയും, ഗോപ്യവും യഥാര്‍ത്ഥവുമായ തിന്മകളുടെ ദൂഷ്യഫലങ്ങളില്‍ നിന്നും രക്ഷപ്പെടാനായി ചിന്തിക്കുകയും, ഓരോ പ്രവൃത്തികള്‍ ചെയ്യുന്നതിന് മുമ്പും പ്രവൃത്തികളുടെ ദൂഷ്യഫലങ്ങളില്‍ നിന്നുള്ള രക്ഷയ്ക്കായി അല്ലാഹുവിനോട് സഹായര്‍ത്ഥന നടത്തേണ്ടത് ആവശ്യമാണ്. ഒരു പ്രവൃത്തിയും അതിന്റെ പ്രത്യക്ഷമായ സൗന്ദര്യം കണ്ട് ചെയ്യാതിരിക്കുകയും ഒരു വസ്തുവിന്റെ ബാഹ്യസൗന്ദര്യം കണ്ട് അതില്‍ വീഴാതിരിക്കുകയും ചെയ്യേണ്ടതാണ്. എന്നാല്‍ സംശയാസ്പദമായ സാഹചര്യങ്ങളില്‍ കാര്യമായി ശ്രദ്ധിക്കേണ്ടതാവശ്യമാണ്. ഓരോ പ്രവര്‍ത്തികള്‍ ചെയ്യുന്നതിന് മുമ്പും അല്ലാഹുവിനെ വഴികാട്ടിയും സഹായിയുമായി കാണേണ്ടതാണ്. ഇത്തരം കാര്യങ്ങള്‍ അനുഗ്രഹീതമെന്ന് മാത്രമല്ല തിന്മകളില്‍ നിന്ന് മനുഷ്യന്‍ രക്ഷപ്പെടുകയും അല്ലാഹു അത്തരക്കാരെ എല്ലാവിധ ദൂഷ്യങ്ങളില്‍ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു. മറ്റൊരു കാര്യമായി പറഞ്ഞത് ജീവിതത്തില്‍ ഓരോ പ്രവൃത്തിയിലും തഖ്‌വയ്ക്ക് മുന്‍ഗണന നല്‍കുകയോ ശ്രദ്ധയോടെ കാലുകള്‍ മുന്നോട്ട് വെക്കുകയോ നിഷിദ്ധവും അനുവദനീയവും തമ്മിലുള്ള വ്യത്യാസം അറിയുകയോ ചെയ്യുന്നില്ലെങ്കില്‍ പിന്നെ തിന്മകള്‍ ഭയമന്യേ ചെയ്യുന്നവരായിത്തീരുന്നതാണ്. അത്തരം തിന്മകള്‍ക്ക് തുല്ല്യമായ ശിക്ഷയും ലഭിക്കുന്നതാണ്. ഞങ്ങള്‍ അറിഞ്ഞില്ല എന്ന നിങ്ങളുടെ തന്ത്രങ്ങള്‍ ഒരു പ്രയോജനവും ചെയ്യുകയില്ല. ഞാന്‍ ഓതി കേള്‍പ്പിച്ചതിന് മുമ്പിലുള്ള വചനത്തിലും അല്ലാഹു പറഞ്ഞിരിക്കുന്ന ഒരു കാര്യം പല ആളുകള്‍ മറ്റുള്ളവരെ തങ്ങളുടെ ആഗ്രഹങ്ങള്‍ക്കനുസരിച്ച് വഴിതെറ്റിക്കുന്നു. അതുകൊണ്ട് നിങ്ങള്‍ ജാഗരൂഗരാവേണ്ടതാണ്. അനുവദനീയവും നിഷിദ്ധവും തമ്മിലുള്ള വ്യത്യാസങ്ങളെ മനസ്സിലാക്കുക. അല്ലാഹു നിരോധിച്ചിരിക്കുന്ന കാര്യങ്ങളില്‍ നിന്ന് വിട്ട്നില്‍ക്കുക. ഇസ്മ് എന്ന പദം ഈ ആയത്തില്‍ ഉപയോഗിച്ച് കൊണ്ട് വ്യക്തമാകുന്നത്. ഈ മാര്‍ഗ്ഗനിര്‍ദ്ദേശത്തിന് ശേഷവും സന്മാര്‍ഗ്ഗം സ്വീകരിക്കാതെ വഴിതെറ്റി പോകുന്നുവെങ്കില്‍ വഴിതെറ്റിക്കുന്നവരുടെ വാക്കുകള്‍ കേള്‍ക്കുന്നുവെങ്കില്‍ ഇത്തരം പാപങ്ങള്‍ അറിഞ്ഞുകൊണ്ടുതന്നെയാണ് നിങ്ങള്‍ ചെയ്യുന്നത്. അറിഞ്ഞ് കൊണ്ട് ചെയ്യുന്ന തിന്മകള്‍ ശിക്ഷകള്‍ അര്‍ഹിക്കുന്നതുമാണ്. അല്ലാഹു പാപങ്ങളുമായി ബന്ധപ്പെട്ട് اِثْم ഖുര്‍ആനില്‍ ഒന്നിലധികം കല്‍ പനകള്‍ നല്‍കിയിരിക്കുന്നു. ഇതില്‍ ചിലത് ഞാന്‍ പറയുന്നതായിരിക്കും. അല്ലാഹു സൂറ അഅ്റാഫില്‍ ഇക്കാര്യത്തെക്കുറിച്ച് ഇങ്ങനെയാണ് വിവരിക്കുന്നത്.

قُلْ اِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالْاِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَاَنْ تُشْرِكُوْا بِاللّٰهِ مَا لَمْ يُنَزِّلْ بِهٖ سُلْطٰنًا وَّاَنْ تَقُوْلُوْا عَلَى اللّٰهِ مَا لَا تَعْلَمُوْنَ ﴿٣٤﴾

(7:34)

പറയുക: നീചകൃത്യങ്ങളും, അവയില്‍ പ്രത്യക്ഷമായതും പരോക്ഷമായതും, പാപങ്ങളും അന്യായമായ അക്രമവും അല്ലാഹു യാതൊരു തെളിവും ഇറക്കിയിട്ടില്ലാത്ത വസ്തുക്കളെ അവന്റെ കൂടെ പങ്കുകാരാക്കുന്നതും,നിങ്ങള്‍ അറിയാത്ത കാര്യം അല്ലാഹുവിന്റെ മേല്‍ നിങ്ങള്‍ ആരോപിക്കുന്നതും മാത്രമാണ് എന്റെ നാഥന്‍ നിഷിദ്ധമാക്കിയിട്ടുള്ളത്.

ഈ ആയത്തിൽ അല്ലാഹു വിശദമായി പറഞ്ഞിരിക്കുന്നത് ഇസ്ലാം എല്ലാവിധ തിന്മകളെയും പൈശാചിക പ്രവണതകളെയും കഠിനമായി വിരോധിക്കുന്നു. ഒരു സത്യവിശ്വാസിയായി ജീവിക്കേണമെങ്കിൽ ഏത് പ്രവൃത്തിയാണ് തഖ്‌വയുടെ പാതയിലൂടെ ചരിപ്പിക്കുന്നത് എന്നും ഏതാണ് തഖ്‌വയിൽ നിന്ന് അകറ്റുന്നത് എന്നും അന്വേഷിക്കേണ്ടതായി വരും. ചില തെറ്റായ കാര്യങ്ങൾ മനുഷ്യൻ രഹസ്യമായി ചെയ്യുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ശൈത്ത്വാൻ ആദം സന്തതികളെ തന്റെ വലയിലകപ്പെടുത്താൻ തക്കം പാർത്ത് നിൽക്കുകയാണ്. വളരെ ആകർഷകമായ രീതിയിൽ ആ തിന്മകളെ മനുഷ്യന് മുമ്പിൽ വെയ്ക്കുകയും. അതു നല്ലതെന്ന ചിന്തയിൽ അവൻ ചെയ്യാൻ തുടങ്ങുകയും ചെയ്യുന്നു. പിന്നീട് മനുഷ്യൻ അത്തരം പാപങ്ങളിൽ മുഴുകി അത് ചെയ്ത് കൊണ്ടേ പോകുന്നു. എന്നാൽ അല്ലാഹു നമ്മെ ഇത്തരം കാര്യങ്ങളിൽ ഉണർത്തുകയും ഇതി നിഷിദ്ധമാണെന്നും അതിൽനിന്ന് രക്ഷപ്പെടുന്നില്ലെങ്കിൽ അത് ശിക്ഷയ്ക്ക് കാരണമായിത്തീരുമെന്നും അറിയിക്കുന്നു. അല്ലാഹു പറയുന്നു. إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ അതായത് നീചകൃത്യങ്ങളെ എന്റെ നാഥൻ നിഷിദ്ധമാക്കിയിരിക്കുന്നു. അത് പ്രത്യക്ഷമായ അസാന്മാർഗ്ഗിക പ്രവണതകളാണെങ്കിലും ഗോപ്യമായ ദുഷ്പ്രവൃത്തികളാണെങ്കിലും നിഷിദ്ധമാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. വഴികേടിലേക്ക് നയിക്കുന്ന പ്രവൃത്തികൾ നിഷിദ്ധമാണെന്ന് പറഞ്ഞ് അവിടെ അവസാനിപ്പിച്ചിട്ടില്ല. വഴികേടിലേക്ക് നയിക്കുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞ സ്ഥലങ്ങളിൽ അതിൽനിന്ന് രക്ഷപ്പെടാനുള്ള പരിഹാരമാർഗ്ഗങ്ങളും നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്നു. നീചകൃത്യങ്ങളിൽ ( فَوَاحِشَ ) നിന്ന് നിങ്ങൾക്കെങ്ങനെ രക്ഷപ്പെടാൻ കഴിയും എന്നതിനെക്കുറിച്ച് ഒരു സ്ഥലത്ത് പറയുന്നു.

إِنَّ الصَّلٰوةَ تَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ (29:46)

അതായത് നീചകൃത്യങ്ങളെയും നിഷിദ്ധകർമ്മങ്ങളേയും നിശ്ചയമായും നമസ്ക്കാരം തടയുന്നതാണ്.

ഇക്കാലഘട്ടത്തിൽ പ്രത്യേകിച്ച് നീചകൃത്യങ്ങൾ മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ വ്യാപകമായി കാണാവുന്നതാണ്. അതിലേക്ക് അവൻ ആകർഷിക്കപ്പെടുന്നു. അല്ലാഹു അഞ്ച് നേരനമസ്കാരം വെച്ചിരിക്കുന്നത് തന്നെ നീചകൃത്യങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിൽ അഭയം പ്രാപിക്കാൻ അവനെ ഉപദേശിക്കുന്നതിനും അവന് വഴികാണിക്കുന്നതിനും വേണ്ടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام അരുൾ ചെയ്യുന്നു.

നമസ്കാരം എന്നാൽ എന്താണ്? ഒരു വിധത്തിലുള്ള പ്രാർത്ഥനയാണത്. അത് മനുഷ്യനെ എല്ലാവിധ തിന്മകളിൽനിന്നും സംരക്ഷിക്കുകയും നന്മകൾ സ്വായത്തമാക്കുന്നവനും ദൈവികാനുഗ്രഹങ്ങളുടെ അവകാശികയാക്കി മാറ്റുകയും ചെയ്യുന്നു. അല്ലാഹു ഉന്നത സവിശേഷഗുണങ്ങളുടെ ഉടമസ്ഥനാണ്. എല്ലാ സവിശേഷഗുണങ്ങളും അവന് വിധേയമാണ്. ഒന്ന് ചിന്തിച്ചുനോക്കു, ബാങ്ക് കൊടുക്കുന്നതോടു കൂടി നമസ്കാരം ആരംഭിക്കുന്നു. അല്ലാഹു അക്ബർ എന്ന് തുടങ്ങുന്ന ബാങ്ക് ധ്വനി അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുകയും ലാഇലാഹ ഇലല്ലാ എന്ന് പറഞ്ഞ് അല്ലാഹുവിൽ തന്നെ അവസാനിക്കുകയും ചെയ്യുന്നു. ഈ ഗാംഭീര്യം ഇസ്ലാമിക ആരാധനകൾക്ക് മാത്രമാണുള്ളത്. ഇതിന്റെ തുടക്കവും ഒടുക്കവും അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണ്. അത് മറ്റൊന്നിലും കാണാൻ സാദ്ധ്യമല്ല. പറയുന്നു. ഇത്തരം ആരാധനകൾ മറ്റൊരു മതത്തിലും കാണാൻ കഴിയില്ലെന്ന് ഞാൻ വാദിക്കുന്നു. നമസ്കാരം എന്നത് എല്ലാ സവിശേഷഗുണങ്ങളുടേയും ഉടമയായ അല്ലാഹുവിനാണ് മുൻഗണന നൽകുന്നത്. അതുപോലെ മനുഷ്യന്റെ ഉന്നതമായ ഗുണം എന്നത് സ്ഥിരചിത്തതയാണ്. ഇസ്മെ ആസം എന്നതിന്റെ അർത്ഥം മഹത്തായ ദൈവിക ഗുണം എന്നാണ്. അതുവഴിയാണ് മനുഷ്യൻ പൂർണ്ണത പ്രാപിക്കുന്നത് .

നാം മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുകയും മനുഷ്യന്റെ ഉന്നതഗുണം എന്നത് സ്ഥൈര്യമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നത് വഴി പ്രത്യേക പരിശ്രമത്തിലൂടെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാമാക്കാൻ സാധിക്കുന്നതായിരിക്കും. മനുഷ്യൻ അല്ലാഹുവുമായി അടുക്കുമ്പോൾ അവന് നമസ്കരിക്കാനുള്ള അവസരം അല്ലാഹു നൽകുകയും പൈശാചിക അക്രമണങ്ങളിൽ നിന്ന് സുരക്ഷിതനാവുകയും ചെയ്യുന്നു. അത് നീചകൃത്യങ്ങളിൽ നിന്ന് അവനെ തടയുകയും നന്മകളുടെ അവകാശിയാക്കുകയും പ്രത്യക്ഷവും പരോക്ഷവുമായ നീചകൃത്യങ്ങളിൽ നിന്ന് സുരക്ഷിതനാക്കുന്നു. അത്തരം നമസ്കാരങ്ങളുടെ ലഭ്യതക്കായി ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام നമുക്ക് കൂടുതൽ വഴികൾ കാണിച്ച് തന്നിരിക്കുന്നു. പറയുന്നു; നമസ്കാരത്തിലൂടെ മനുഷ്യന്റെ ദീനും ദുനിയാവും നേരെയാവുകയും. അവൻ നമസ്കരിക്കുമ്പോൾ എല്ലാവിധ ദുഷ്പ്രവൃത്തികളിൽ നിന്നും രക്ഷിക്കപ്പെടുന്നു. എന്നാ ൽ ഇത്തരത്തിലുള്ള നമസ്കാരം അനുഷ്ഠിക്കുക എന്നത് അവന്റെ മാത്രം അധീനതയിൽ പെട്ടതല്ല. അല്ലാഹുവിന്റെ സഹായമില്ലാതെ ഒരിക്കലും അത് സാദ്ധ്യമല്ല. മനുഷ്യൻ ഏതുവരെ ദുആ ചെയ്യുന്നില്ലയോ ഭയവും വിലാപവും ഉണ്ടാക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ട് തന്നെ നിങ്ങളുടെ രാവും പകലും മറ്റ് സമയങ്ങളും ദുആകളിൽ ലയിച്ചവയായിരിക്കണം. അല്ലാഹുവിനെ സ്മരിക്കുകയും ആ സ്മരണകൾ ഹൃദയത്തിൽ നിറയ്ക്കുകയും ചെയ്യേണ്ടത് ഇന്നത്തെ ചുറ്റുപാടിൽ വളരെയേറെ ആവശ്യമാണ് ഇന്ന് ലോകത്ത് വ്യാപിച്ചിരിക്കുന്ന ഈ നീചമായ അവസ്ഥയിൽ നിന്ന് നമ്മെ രക്ഷിക്കാൻ ദൈവസ്മരണകൾക്കേ കഴിയൂ. ദൈവസ്മരണകൾക്ക് മുൻഗണന നൽകുന്നില്ലെങ്കിൽ നമ്മെ ശൈത്ത്വാൻ പ്രത്യക്ഷവും പരോക്ഷവുമായ തിന്മകളിൽ അകപ്പെടുത്തുന്നതായിരിക്കും. പിന്നീട് മനുഷ്യൻ ആ തിന്മകളിൽ മുങ്ങിത്താഴുകയും നമ്മുടെ കർത്തവ്യനിർവ്വഹണത്തിൽ നിന്ന് നമ്മെ അത് തടഞ്ഞ് വെക്കുകയും തെറ്റുകൾക്ക് മേൽ തെറ്റുകൾ ആവർത്തിക്കപ്പെടുകയും ചെയ്യുന്നു. അത്തരക്കാർ ദൈവകൽപനകളെ ധിക്കരിക്കുന്നവരായിരിക്കും. അതുകൊണ്ടാ ണ് പറഞ്ഞത്, ധിക്കാരപരമായ പ്രവണതകളിൽ നിന്നും രക്ഷപ്പെടുക, കാരണം അത് നിഷിദ്ധകാര്യങ്ങളിൽ പെട്ടതാണ്. തിന്മകളാണ് ചെയ്യുന്നതെന്ന വിചാരം ലവലേശം പോലുമില്ലെങ്കിൽ അത്തരക്കാർ പിന്നെ എല്ലാ അതിരുകളും പൊട്ടിച്ചെറിയുന്നു. അവർക്ക് സൽപ്രവൃത്തിയും ദുഷ്പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാവുന്നതല്ല. അഞ്ചേനേരം നമസ്കരിക്കുന്ന പലരും അല്ലാഹുവിന്റെ അതിർവരമ്പുകളെ മറികടക്കുന്നവരാണ്. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് عَلَيْهِ السَّلَام പറഞ്ഞത്; നമസ്കാരങ്ങളുടെ യഥാർത്ഥ മഹത്വം മനസ്സിലാക്കേണമെങ്കിൽ അല്ലാഹുവിന്റെ സഹായം ആവശ്യമാണ്. അതിന്നായി എപ്പോഴും ദൈവഭയത്തോടെ നാം പ്രവർത്തിക്കേണ്ടതുണ്ട്. കൂടാതെ എല്ലാവിധത്തിലുള്ള സൃഷ്ടിപൂജകളിൽ നിന്നും നമ്മെ പരിശുദ്ധരാക്കേണ്ടതാവശ്യമാണ്. ഇത്തരം അവസ്ഥയിലാണ് ഒരു സത്യവിശ്വാസിയെ യഥാർത്ഥ വിശ്വാസി എന്ന് പറയാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ നീചകൃത്യങ്ങളിൽ

നിന്ന് അവന് തന്നെ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. സൂറ ബഖറയിൽ ഇതുമായി ബന്ധപ്പെട്ട മറ്റു ചില തിന്മകളെക്കുറിച്ചും പറയുന്നു.

يَسْـَٔلُوْنَكَ عَنِ الْخَمْرِ وَالْمَيْسِرِ ۭ قُلْ
فِيْهِمَآ اِثْمٌ كَبِيْرٌ وَّمَنَافِعُ لِلنَّاسِ ۡ
وَاِثْمُهُمَآ اَكْبَرُ مِنْ نَّفْعِهِمَا ۭ (2:220)

അവർ നിന്നോട് മദ്യത്തെയും ചൂതിനേയും സംബന്ധിച്ച് ചോദിക്കുന്നു.പറയുക, അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക് (ചില) ഗുണങ്ങളുമുണ്ട്.എങ്കിലും അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വളരെ വലുതാണ്.

ഈ രണ്ട് തിന്മകളും ഗുണത്തിലേറെ ദോഷമാണ് വരുത്തി വെക്കുന്നത്. മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ആദ്യം പറഞ്ഞത് ഇവ വലിയ തിന്മകളാണെന്നാണ്. ഇതിൽ ചില ഗുണങ്ങളുമുണ്ട്. എന്നാൽ ഇതുകൊണ്ടുള്ള ദോഷം ഫലത്തിലേറെ നഷ്ടമാണ് ഉണ്ടാക്കുന്നത്. ആയത്തിന്റെ അവസാനത്തിൽ പറയുന്നു. അല്ലാഹു എല്ലാ അടയാളങ്ങളും നിങ്ങൾക്ക് വ്യക്തമായി വിവരിച്ച് തരുന്നു. നിങ്ങൾ ചിന്തിച്ച് പ്രവർത്തിക്കാൻ വേണ്ടി.

അല്ലാഹു താൻ സൃഷ്ടിച്ച വസ്തുക്കളിലെല്ലാം ഗുണങ്ങളും ദോഷങ്ങളുമുണ്ട് എന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ നാം മനസ്സിലാക്കേണ്ട കാര്യം. ഗുണത്തെക്കാളേറെ ദോഷമുണ്ടാക്കുന്ന വസ്തുക്കളെ ഉപയോഗിക്കാതിരിക്കുക, ഈ രണ്ട് പാപങ്ങളും (മദ്യം,ചൂതാട്ടം) സങ്കീർണ്ണമേറിയവയാണ്. ഗുണത്തെക്കാളേറെ പാപങ്ങളാണ് ഇവയിലൂടെ അധികരിക്കുക. ഞാൻ اِثْمٌ ന്റെ അർത്ഥം നിഘണ്ടുവിൽ നിന്ന് പറഞ്ഞതുപോലെ വിശുദ്ധ ഖുർആനിലും ഒരു സ്ഥലത്ത് അല്ലാഹു പറയുന്നു وَمَنْ يَّفْعَلْ ذٰلِكَ يَلْقَ اَثَامًا മദ്യം, ചൂതാട്ടം എന്നിവയിൽ ഗുണങ്ങളുണ്ടായിട്ടും അല്ലാഹു വളരെ വ്യക്തമായി പറയുന്നു. നിങ്ങൾ ചിന്തിക്കുക. എന്നാൽ ചെറിയ തോതിലുള്ള പ്രയോജനം സ്വീകരിക്കേണമോ, അതല്ല കൂടുതൽ പ്രയോജനമുള്ളത് സ്വീകരിക്കേണമോ എന്നുള്ള ചിന്തയല്ല വേണ്ടത് മറിച്ച് ഞാനിത് ഉപയോഗിച്ചാൽ, ഈ നീചമായ പ്രവൃത്തി ചെയ്താൽ ഞാൻ തെറ്റുകാരനാകും, ശിക്ഷക്കിരയാകും എന്ന ചിന്തയാണ് വേണ്ടത്. എന്തുകൊണ്ടെന്നാൽ اِثْمُهُمَآ اَكْبَرُ എന്ന് പറഞ്ഞ് കൊണ്ട് തീർച്ചയായും ശിക്ഷ ലഭിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇത്തരം തിന്മകളിൽ മനുഷ്യൻ ഒരിക്കൽ അകപ്പെട്ട് കഴിഞ്ഞാൽ പിന്നീട് അതിൽ വീണുകൊണ്ടേയിരിക്കുന്നു. അറിഞ്ഞും അതിന്റെ കുഴികളിൽ വീഴുന്നു. ആ ലഹരി അവന് ഇഷ്ട പാനീയമാകുന്നു. ധിക്കാരപരമായ പ്രവർത്തനത്താൽ അവന് തക്കതായ ശിക്ഷയും ലഭിക്കുന്നു. ഈ രണ്ടു വസ്തുതകളെ സംബന്ധിച്ച് പറഞ്ഞാൽ മനുഷ്യൻ തന്റെ പരിശുദ്ധധനം ഇതിന് വേണ്ടി ചെലവഴിക്കുന്നു. ശുദ്ധമായ ധനം നശിപ്പിക്കുക മാത്രമല്ല നിഷിദ്ധമായ പണത്തെ തന്റെ ശുദ്ധമായ ധനത്തിൽ ചേർത്ത് ഒരു ചൂത്കളിക്കാരൻ തന്റെ ധനം മുഴുവൻ നിഷിദ്ധമാക്കുന്നു. മദ്യപാനി മദ്യത്തിനായി പണം നഷ്ടപ്പെടുത്തുകയും തന്റെ ആരോഗ്യം തന്നെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. വിശുദ്ധഖുർആനിൽ മറ്റൊരു സ്ഥലത്ത് ഇതിനെ നിരോധിച്ച്കൊണ്ട് പറയുന്നു. മദ്യം, ചൂതാട്ടം എന്നിവയെല്ലാം ശൈത്വാനി പ്രവൃത്തികളാണ്. അത് മനുഷ്യനെ നന്മകളിൽ നിന്നും ഉന്നത സ്വഭാവഗുണങ്ങളിൽ നിന്നും ആരാധനാകർമ്മങ്ങളിൽ നിന്നും തടയുന്നു.

സൂറാ മാഇദായിൽ അല്ലാഹു പറയുന്നു

يٰٓاَيُّهَا الَّذِيْنَ اٰمَنُوْٓا اِنَّمَا الْخَمْرُ وَالْمَيْسِرُ
وَالْاَنْصَابُ وَالْاَزْلَامُ رِجْسٌ مِّنْ
عَمَلِ الشَّيْطٰنِ فَاجْتَنِبُوْهُ لَعَلَّكُمْ
تُفْلِحُوْنَ ۝٩١
اِنَّمَا يُرِيْدُ الشَّيْطٰنُ اَنْ يُّوْقِعَ بَيْنَكُمُ
الْعَدَاوَةَ وَالْبَغْضَاۗءَ فِي الْخَمْرِ وَالْمَيْسِرِ
وَيَصُدَّكُمْ عَنْ ذِكْرِ اللّٰهِ وَعَنِ الصَّلٰوةِ ۚ
فَهَلْ اَنْتُمْ مُّنْتَهُوْنَ ۝٩٢
وَاَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ
وَاحْذَرُوْا ۚ فَاِنْ تَوَلَّيْتُمْ فَاعْلَمُوْٓا
اَنَّمَا عَلٰي رَسُوْلِنَا الْبَلٰغُ الْمُبِيْنُ ۝٩٣

(5: 91- 93)

വിശ്വസിച്ചവരേ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽ പെട്ട നീചകൃത്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയെ വർജ്ജിക്കുക; നിങ്ങൾ വിജയികളാവുന്നതിന് വേണ്ടി.

തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും,അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നമസ്ക്കാരത്തിൽ നിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്.അതുകൊണ്ട് നിങ്ങൾ (ഇവയിൽ നിന്നെല്ലാം) വിരമിക്കുന്നവരാണോ?

നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. ഈ ദൂതനേയും അനുസരിക്കുവിൻ, നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കുക.ഇനി നിങ്ങൾ പിന്തിരിഞ്ഞ് കളയുന്നപക്ഷം അറിഞ്ഞേ കൊള്ളുക,നമ്മുടെ ദൂതൻ കർത്തവ്യം വ്യക്തമായ നിലയിൽ എത്തിക്കുക മാത്രമാണ്.

ഇന്നത്തെ കാലഘട്ടത്തിൽ മദ്യവും ചൂതാട്ടവും എല്ലാ രാജ്യങ്ങളിലും വളരെ വ്യാപകമാണ്. ചിലയിടങ്ങളിൽ നിയന്ത്രണങ്ങളുണ്ടെങ്കിൽ തന്നെ മറ്റ് ചില സ്ഥലങ്ങളിൽ ജനങ്ങൾ ഒളിഞ്ഞ്നിന്ന് കുടിക്കുന്നു. എല്ലായിടങ്ങളിലും വ്യാപകമെന്ന് മാത്രമല്ല ഓരോ സർവ്വീസ് സ്റ്റേഷനുകളിലും വലിയ സ്റ്റോറുകളിലും ചൂതാട്ടത്തിന്റെ മെഷീനുകൾ കാണാവുന്നതാണ്. ഏതെങ്കിലും വിധത്തിൽ ചൂത് കളിക്കുന്നു. സൃഷ്ടി പൂജയെക്കുറിച്ച് പറയുകയാണെങ്കിൽ പ്രത്യക്ഷമായി കാണാൻ കഴിയില്ലെങ്കിലും സ്വന്തം മനസ്സിന്റെ തന്ത്രങ്ങളുടെ വിഗ്രഹങ്ങൾ മനുഷ്യനിലുണ്ട്. വിശ്വാസിയെങ്കിലും ഇത്തരം കാര്യങ്ങളെ അവൻ വകവെയ്ക്കുന്നില്ല എന്നതാണ് വാസ്തവം. ഈ വിഗ്രഹങ്ങൾ

പിന്നെ അവന്റെ ആരാധനകളിൽ തടസ്സം സൃഷ്ടിക്കുകയും നീച കൃത്യങ്ങളിൽ നിന്ന് തടയുന്ന നമസ്കാരങ്ങൾക്ക് തടസ്സമുണ്ടാകുന്നു. രഹസ്യമായ സൃഷ്ടിപൂജയാണിത്. പ്രശ്നം വെക്കുന്ന അമ്പുകൾ കൊണ്ട് ഭാഗ്യം പരീക്ഷിക്കുന്നു. ഇതിന്റെ നൂതനമായ രീതിയാണ് ലോട്ടറി, ഇതും ഗൗരവമായി പലരും കാണുന്നില്ല. ലോട്ടറി ടിക്കറ്റ് വാങ്ങുന്നു. ഇതും ഹറാമാണ്. എന്ന കാര്യം ഓർക്കണം അല്ലാഹു പറയുന്നു. ഇതെല്ലാം പിശാചിന്റെ ദുഷ്ചെയ്തികളിൽപെട്ടവയാണ്. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം ആരാധനകളിലും സൽപ്രവർത്തനങ്ങളിലും സ്ഥിരത കാണിക്കുന്നതോടൊപ്പം പാപങ്ങളിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും രക്ഷപ്പെടുന്ന കാര്യത്തിൽ സ്ഥിരത കൈകൊള്ളുകയും അല്ലാഹുവിനെ സ്മരിക്കുകയും നമസ്ക്കാര കാര്യത്തിൽ ശ്രദ്ധയുണ്ടാവുകയും ചെയ്യുമ്പോഴാണ് സ്ഥിരത ലഭ്യമാവുന്നത്. നന്മകളിലും തഖ്‌വയിലും അഭിവൃദ്ധിപ്പെടാനും തിന്മകളിൽ നിന്ന് രക്ഷപ്പെടാനുമായി അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം കൽപിക്കുന്നു.

وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ ۖ وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ ③

(5: 3)

നിങ്ങൾ തഖ് വയിലും നന്മയിലും പരസ്പരം സഹായിക്കുക, തിന്മയിലും ശത്രുതയിലും സഹായമരുത്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. നിശ്ചയമായും അല്ലാഹു കഠിനമായ ശിക്ഷ നൽകുന്നവനാണ്

ഇതാണ് ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനം. ഇതിൽ ആദ്യമായി പറഞ്ഞത് ശത്രുക്കളുടെ ആധിക്യം നിന്നെ ആധിയിലാക്കാതിരിക്കട്ടെ എന്നാണ്. പിന്നീട് പറഞ്ഞു. നന്മയിലും തഖ്‌വയിലും പരസ്പരം സഹായിക്കുക. യഥാർത്ഥ തഖ്‌വ ഒരു മുഅ്മിനിന്റെ ഹൃദയത്തിലാണ് വേണ്ടത്. അങ്ങനെയാണ് വേണ്ടതും. തഖ്‌വയിലധിഷ്ഠിതമായി നന്മകളിൽ സഹകരിച്ച് മുന്നേറേണ്ടതാണ്. കൂടുതൽ നന്മകളുടെ വിത്ത് വിതയ്ക്കപ്പെടുന്നതും തഖ്‌വയിലൂടെയാണ്. ഒരു കാര്യം വീണ്ടും ആവർത്തിക്കണമെങ്കിൽ അത് നന്മയും അതിന്റെ ശാഖകളുമാണ്. എന്നാൽ എപ്പോഴും തിന്മകളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. അറിഞ്ഞ് കൊണ്ട് തിന്മകളിൽ അകപ്പെട്ട് കഴിയുക എന്നത് സത്യവിശ്വാസിയുടെ പ്രവൃത്തിയല്ല. പാപങ്ങളിൽ മുഴുകുന്നവർ അതിക്രമകാരികളാണ്. അവർക്ക് തങ്ങൾ എന്താണ് ചെയ്യുന്നതെന്ന വിചാരം പോലുമില്ല. അതുകൊണ്ടുതന്നെ അവർ അക്രമങ്ങളിൽ അതിർലംഘിക്കുന്നു. അല്ലാഹു പറയുന്നു. നിങ്ങൾ ഇത്തരം പ്രവണതകളെ ഉപേക്ഷിക്കുന്നില്ലെങ്കിൽ ഓർമ്മിച്ചുകൊള്ളുക. അല്ലാഹു കഠിനമായ ശിക്ഷ നൽകുന്നവനാണ്.

വളരെ മനോഹരമായ അദ്ധ്യാപനങ്ങളുണ്ടായിട്ടും ഇസ്‌ലാമിന് മേലുണ്ടാകുന്ന ആരോപണങ്ങളിൽ ഒന്ന് അതിക്രമത്തിലൂടെയാണ് ഇസ്‌ലാം വ്യാപിക്കുന്നത് എന്നാണ്. കൂടാതെ ഇസ്‌ലാമിനെതിരായി ഏതെങ്കിലും രാജ്യങ്ങളിൽ പലപ്പോഴും പ്രതിഷേധങ്ങളുണ്ടാവുന്നു. എന്നാൽ പാശ്ചാത്യ രാജ്യങ്ങളെ നോക്കുകയാണെങ്കിൽ എന്താണ് അവിടെ നടക്കുന്നത്. ഇറാക്കിന് മേൽ മറ്റു ചില രാജ്യങ്ങൾ അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. ഇറാക്കിന്മേലുണ്ടായ അതിക്രമങ്ങൾ നിങ്ങൾ കേട്ടതാണ്. പലരും അത് വലിയ അക്രമമായിരുന്നുവെന്ന് സമ്മതിച്ചിരിക്കുന്നു. ഇത്രയേറെയായിട്ടും ചിലർ പറയുന്നത് നടന്നതെല്ലാം വളരെ ശരിയാണ്, ന്യായം തന്നെയാണ് എന്നാണ്. എന്നാൽ ഇസ്‌ലാം പറയുന്നു. ഇത് തഖ്‌വയുടെ പ്രവൃത്തിയല്ല. നിങ്ങൾക്ക് തെറ്റ് സംഭവിച്ചെങ്കിൽ അത് സമ്മതിക്കുകയാണ് വേണ്ടത്. എവിടെയെങ്കിലും പരിഷ്കരണ പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ നന്മകളിൽ മുൻകടക്കണമെങ്കിൽ തഖ്‌വയോടുകൂടി നന്മ വ്യാപിപ്പിക്കേണ്ടകതാണ്. അതിക്രമങ്ങളിൽ നിന്ന് സ്വയം നിങ്ങളെ തടയുക. എന്നാൽ ഇതൊന്നും ചെയ്യാനാകില്ലെങ്കിൽ ഒരു വിശ്വാസി അല്ലാഹുവിന്റെ ശിക്ഷയ്ക്കർഹനാകുന്നു. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിന്റെ കാര്യത്തിൽ അല്ലാഹു താക്കീത് ചെയ്തിട്ടുണ്ടെങ്കിൽ സ്വന്തം ആളുകളോട് എത്രനല്ല നിലയിൽ പെരുമാറേണ്ടിയിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ജമാഅത്ത് അംഗങ്ങളെ ഉപദേശിച്ചുകൊണ്ട് പറയുന്നു.

ബലഹീനവിഭാഗത്തെ സഹായിക്കുന്ന സമ്പ്രദായം ഉണ്ടാകേണ്ടിയിരിക്കുന്നു. അവർക്ക് ശക്തി പ്രദാനം ചെയ്യുന്ന ശീലം ഉണ്ടാവണം. രണ്ട് സഹോദരന്മാരിൽ ഒരാൾക്ക് നീന്താനറിയാമെന്നും മറ്റെയാൾക്ക് നീന്താനറിയില്ലെന്നും പറയുന്നത് എത്രമേൽ യോജിക്കാൻ സാധിക്കാത്തതാണ്. ആദ്യത്തെ സഹോദരനെ സംബന്ധിച്ചേടത്തോളം തന്റെ സഹോദരനെ മുങ്ങുന്നതിൽ നിന്ന് രക്ഷിക്കണമെന്നോ ? അതോ മുങ്ങിത്താഴണമെന്നാണോ പറയുന്നത്. അവന്റെ ഉത്തരവാദിത്തമാണ് തന്റെ സഹോദരനെ രക്ഷിക്കുക എന്നത്. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നത്

تَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ

ബലഹീന വിഭാഗത്തിന്റെ ഭാരം ചുമക്കുക,. പ്രാവർത്തികവും വിശ്വാസപരവും സാമ്പത്തികവുമായ ബലഹീനതകളിൽ അവരോടൊപ്പം ചേരുക. ശാരീരികബലഹീനതകൾക്ക് ചികിത്സ നൽകുക എന്നത് എപ്പോഴും അനിവാര്യമാണ്. ബലഹീനരെ ശക്തരായ ആളുകൾ സഹായിക്കുന്നില്ലെങ്കിൽ ഒരു ജമാഅത്തും യഥാർത്ഥ ജമാഅത്താകുകയില്ല. അതിനുള്ള ഒരു മാർഗ്ഗം അവരുടെ വൈകല്ല്യങ്ങളെ മറച്ച് വെയ്ക്കുക എന്നതാണ്. സഹാബിമാർക്ക് നൽകപ്പെട്ട ശിക്ഷണം തന്നെ നവാഗതരായ മുസ്‌ലിംകളുടെ ബലഹീനതകൾ കണ്ട് ഒരിക്കലും കോപിക്കാതിരിക്കുക എന്നായിരുന്നു. കാരണം ഒരിക്കൽ നിങ്ങളും ഇതുപോലെ ബലഹീനരായിരുന്നു എന്ന കാര്യം ഓർക്കുക എന്നായിരുന്നു അവരോട് പറഞ്ഞത്. അതുപോലെ തന്നെ വലിയവൻ ചെറിയവർക്ക് സേവനം ചെയ്യുക എന്നതും ആവശ്യമാണ്. സ്നേഹത്തോടും മൃദുലതയോടുംകൂടി വർത്തിക്കുക. പറഞ്ഞു; നാല്പേർ കൂടിയിരിക്കുമ്പോൾ മറ്റൊരു സഹോദരനെക്കുറിച്ച് പരദൂഷണം പറയുന്നവരും വിമർശിച്ചുകൊണ്ടിരിക്കുന്നവരും യഥാർത്ഥ ജമാഅത്തുമായി ബന്ധപ്പെട്ടവരല്ല. ബലഹീനരെയും ദരിദ്രരേയും വെറുപ്പോടെയും തരംതാഴ്ന്നവരായും ഒരിക്കലും കാണാൻ പാടുള്ളതല്ല. എപ്പോഴും ഐക്യമാണ് വേണ്ടത്. ശക്തിയാണ് നമുക്കാവശ്യം അങ്ങനെ ഒറ്റക്കെട്ടായി മാറുന്നു. സ്നേഹമുണ്ടാകുന്നതും അനുഗ്രഹങ്ങൾ വർഷിക്കുന്നതുമൊക്കെ അപ്രകാരമാണ്. സ്വഭാവപരമായ ശക്തിയെ എന്തുകൊണ്ട് വിപുലീകരിക്കുന്നില്ല. അത് സഹതാപവും സ്നേഹവും വിട്ടുവീഴ്ചയും കരുണയും വ്യാപകമാക്കുമ്പോഴാണ് ലഭിക്കുക. എല്ലാ കാര്യങ്ങളെക്കാളും കരുണയ്

ക്കും സഹതാപത്തിനും തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുന്നതിനും മുൻഗണന നൽകുക. നിസ്സാര കാര്യങ്ങളിൽ ഹൃദയഭേദകമായ രീതിയിലുള്ള കാഠിന്യം പാടില്ല. അത് വിഷമാവസ്ഥ സൃഷ്ടിക്കുന്നു. ചിലർ മറ്റ് ചിലരോട് സഹതാപവും കരുണയും കാണിക്കുമ്പോഴാണ് ജമാഅത്താകുന്നത്. അങ്ങനെ ഏകമനസ്സോടെ പരസ്പരം സഹായികളായി മാറുകയും സ്വന്തം സഹോദരനേക്കാൾ അവർക്ക് സ്ഥാനം നൽകുകയും ചെയ്യുന്നു. അല്ലാഹു സ്വഹാബാക്കളെയും ഈ സഹോദര്യമാണ് പഠിപ്പിച്ചത്. റസൂൽ ﷺ നൽകിയ ആ സാഹോദര്യബന്ധം അവർ പർവ്വതസമാനമായ സ്വർണ്ണം ചെലവഴിച്ചാൽ പോലും അവർക്ക് ലഭിക്കുമായിരുന്നില്ല. ഇതുപോലെ തന്നെയാണ് അല്ലാഹു ഈ പ്രസ്ഥാനത്തിനും രൂപം നൽകിയിരിക്കുന്നത്. അപ്രകാരമുള്ള സാഹോദര്യം അവൻ ഇവിടെയും പുനഃസ്ഥാപിക്കുന്നതായിരിക്കും. നന്മയിലും തഖ്‌വയിലും അഭിവൃദ്ധി നൽകുന്ന ഉന്നത സ്വഭാവഗുണമാണിത്. അത് തിന്മയിൽ നിന്നും അതിക്രമങ്ങളിൽ നിന്നും മനുഷ്യനെ തടയുന്നു. ആരാധനകളിലൂടെ ദൈവസാമീപ്യം കരഗതമാവുമ്പോൾ ആ ഉന്നത സ്വഭാവഗുണങ്ങൾകൊണ്ട് സമസ്യഷ്ടികളോടുള്ള കർത്തവ്യങ്ങളിൽ ശ്രദ്ധയുണ്ടാവുന്നു. മറ്റൊരു വലിയ തിന്മയെക്കുറിച്ച് അല്ലാഹു പറയുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا ٱجْتَنِبُوا كَثِيرًا مِّنَ
ٱلظَّنِّ إِنَّ بَعْضَ ٱلظَّنِّ إِثْمٌ وَلَا
تَجَسَّسُوا وَلَا يَغْتَب بَّعْضُكُم بَعْضًا
أَيُحِبُّ أَحَدُكُمْ أَن يَأْكُلَ لَحْمَ أَخِيهِ
مَيْتًا فَكَرِهْتُمُوهُ وَٱتَّقُوا ٱللَّهَ إِنَّ ٱللَّهَ
تَوَّابٌ رَّحِيمٌ ١٣

(49:13)

വിശ്വസിച്ചവരേ, ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ.(കാരണം)ചില ഊഹങ്ങൾ കുറ്റകരമാണ്.നിങ്ങൾ (അന്യരുടെ സ്ഥിതികൾ ) ചുഴിഞ്ഞ് നോക്കരുത് .നിങ്ങളിൽ ചിലർ മറ്റു ചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത്.നിങ്ങളിലാരെങ്കിലും തന്റെ മരിച്ചുകിടക്കുന്ന തന്റെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാനിഷ്ടപ്പെടുമോ? അത് നിങ്ങൾ വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവ്വഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു

അല്ലാഹു വിശ്വാസികളിൽ സ്നേഹവും സാഹോദര്യവും സൃഷ്ടിക്കുവാനുദ്ദേശിക്കുന്നു. എന്നാൽ അത് കരഗതമാകുന്നത് സദ്‌വിചാരങ്ങളിലൂടെയാണ്. പറഞ്ഞു. ഊഹങ്ങളിൽ നിന്ന് രക്ഷപ്പെടുക. ഊഹങ്ങൾ തിന്മയിലേക്ക് നയിക്കുന്നു. ഈ തിന്മ മനുഷ്യനെ വ്യക്തിപരമായി മാത്രമല്ല ബാധിക്കുന്നത് സമൂഹത്തിലെ ശാന്തിയും സമാധാനവും അതിലൂടെ നഷ്ടപ്പെടുന്നു. ഹൃദയങ്ങൾ അകലുന്നു. അതുകൊണ്ട് തന്നെ ഇത് സങ്കീർണ്ണമായ തിന്മയാണെന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ചില തിന്മകൾ മനുഷ്യൻ മറ്റുള്ളവരോടുള്ള വിരോധംകാരണം ചെയ്യുന്നു. പിന്നീട് പറഞ്ഞു. തെറ്റു കുറ്റങ്ങൾ ചുഴിഞ്ഞ് നോക്കാതിരിക്കുക. ചുഴിഞ്ഞെടുത്ത് ആരെക്കുറിച്ചെങ്കിലും പറയപ്പെടുമ്പോൾ അയാൾക്ക് പല കാര്യങ്ങളെക്കുറിച്ചും അറിവുണ്ടായിരിക്കില്ല. ലഭിച്ച കാര്യങ്ങൾ തന്നെയാണ് അടിസ്ഥാനമെന്ന് കരുതുന്നു. അങ്ങനെ ഊഹങ്ങൾ വർദ്ധിക്കുന്നു.ഊഹങ്ങളിൽ പലപ്പോഴും മനുഷ്യൻ അന്ധനാവുന്നു. ചില ആളുകളുടെ അവസ്ഥ കണ്ട് അൽഭുതം തോന്നാറുണ്ട്. വലിയ വിദ്യാസമ്പന്നരും സേവന തൽപരരും ഒക്കെയായിട്ടും പറയുന്ന കാര്യങ്ങൾ തീർത്തും നിരക്ഷരരായ സ്ത്രീകൾ പോലും പറയാറില്ല. നിസ്സാരമായ പരാതികളെ വലുതാക്കിക്കാണിക്കുന്നു. ഇതിനെക്കാൾ വലിയ മറ്റൊരു കാര്യവുമില്ലെന്ന് അവർ കരുതുന്നു. ആർക്ക് എതിരാണോ പരാതിപ്പെടുന്നത്, അയാളുടെ ജീവിതം തന്നെ ഇവർ ദുസ്സഹമാക്കുന്നു. പലയിടങ്ങളിലും പറഞ്ഞ് ചിലപ്പോൾ ഇത്തരം പ്രശ്നങ്ങൾ എന്റെ പക്കലും വരാറുണ്ട്. അതിനെപ്പറ്റി അറിയുമ്പോൾ വളരെ നിസാര കാര്യമായിരിക്കും. ചില ഘട്ടങ്ങളിൽ പരാതി ബോധിപ്പിക്കുന്നവർ ആർക്ക് മേലാണോ പരാതിപ്പെട്ടത് അവരുമായി യാതൊരു ബന്ധവുമുണ്ടാകില്ല. അവിടെയുമിവിടെയും കേട്ട കാര്യങ്ങൾ ചുഴിഞ്ഞെടുക്കുന്ന സ്വഭാവക്കാർ കൂടുതൽ അറിയാനായി ശ്രമിക്കുകയും പിന്നീട് അടിക്കുറിപ്പെന്നോണം പലതും ചേർത്ത് മറ്റുള്ളവരിലേക്കെത്തിക്കുകയും ചെയ്യുന്നു. ആരെക്കുറിച്ചാണോ ഇവർ പറയുന്നത് പാവം അയാൾ വളരെ വ്യാകുലപ്പെടുന്നു. ഇത്തരം ചുറ്റുപാടിൽ അയാളെ വീക്ഷിക്കുന്നവർ ഇത്തരം ചീത്ത ദൃഷ്ടിയോടെയായിരിക്കും വീക്ഷിക്കുക. ഇയാൾ വലിയ തിന്മ ചെയ്യുന്നയാളെന്ന് പ്രചരിപ്പിക്കുന്നു. പലപ്പോഴും അയാൾ ഇവരിൽ നിന്ന് ഒളിഞ്ഞ നടക്കേണ്ട അവസ്ഥ വരെയെത്തുന്നു. അല്ലാഹു കഠിനമായി നിരോധിച്ച തിന്മയാണിത്. എല്ലാ അഹ്‌മദികളും ഇതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. പരദൂഷണം മറ്റൊരു തിന്മയാണ്. അത് വിപാടനം ചെയ്തില്ലെങ്കിൽ സമൂഹത്തിൽ അശാന്തിയുണ്ടാകുന്നു. അല്ലാഹു ഈ ദുഷ്പ്രവൃത്തിയെ വെറുത്തുകൊണ്ട് പറയുന്നു. പരദൂഷണക്കാർ ഒരു പ്രശ്നവുമില്ലെന്ന മട്ടിൽ ഇഷ്ടമനുസരിച്ച് നാവ് ചലിപ്പിക്കുന്നു. എന്നാൽ ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. ഇത് വൃത്തികെട്ട പ്രവൃത്തിയാണ്. നിങ്ങൾ നിങ്ങളുടെ മരിച്ച്കിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കുന്നത് പോലെ. ആർക്കാണ് മരിച്ച്കിടക്കുന്ന തന്റെ സഹോദരന്റെ മാംസം ഭക്ഷിക്കാൻ സാധിക്കുക. പരദൂഷണമെന്നാൽ ഒരാളുടെ അഭാവത്തിൽ അയാളുടെ കുറ്റങ്ങളും കുറവുകളും മറ്റുള്ളവരോട് പറയുക. നിങ്ങൾ ഒരാളുടെ സംസ്കരണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ തനിച്ചാവുമ്പോൾ അയാളോട് നേരിട്ട് കാര്യം ബോധിപ്പിക്കുക. അങ്ങനെ അയാൾക്ക് തന്നിൽ പരിവർത്തനം വരുത്താം. എന്നിട്ടും മാറ്റമില്ലെങ്കിൽ ബന്ധപ്പെട്ട ജമാഅത്ത് ഭാരവാഹികളെ കാര്യം ധരിപ്പിക്കുക. അമീർ ജമാഅത്തുണ്ട് മറ്റ് ചില പ്രശ്നങ്ങൾ ഉണ്ടെങ്കിൽ എന്നെയും അറിയിക്കാവുന്നതാണ്. ചിലർ എന്നോട് പരാതിപ്പെടാറുണ്ട്. പക്ഷെ അവരുടെ വാക്കുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് സംസ്ക്കരണം എന്നതിന് പകരം സ്വന്തം മനസ്സിലെ അഴുക്കുകൾ പുറത്തെടുക്കുന്നു എന്നതാണ് വാസ്തവം. പരാതിപ്പെടുന്നവരിൽ ചിലർ പലപ്പോഴും തങ്ങളുടെ പേരെഴുതാറില്ല. ഒരു അഹ്‌മദി അല്ലെങ്കിൽ സഹതാപമുള്ളവൻ എന്ന് മാത്രം താഴെ എഴുതുന്നു. ചിലപ്പോൾ എഴുതിയ പേരിലും അഡ്രസ്സിലും വ്യക്തികളേ ഉണ്ടാവില്ല. തെറ്റായ അഡ്രസ്സ് നൽകുന്നു. ഇവർ മറ്റൊരാളെപ്പറ്റി എന്റെ ഹൃദയത്തിൽ വെറുപ്പ് സൃഷ്ടിക്കാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. അതിലും ഇവർക്ക് വിജയിക്കാൻ സാധിക്കുന്നില്ല. എന്തെന്നാൽ സ്വന്തം പേര് മറച്ചുവെക്കുന്നതിലൂടെ

ഇയാൾ ആരോടും സഹതാപമുള്ളവനല്ലെന്ന് മനസ്സിലാകുന്നു. മറ്റുള്ളവർക്ക് പേര് ദോഷമുണ്ടാക്കാൻ വേണ്ടി മാത്രമാണ് ഇപ്രകാരം ചെയ്യുന്നത്. ഇത്തരം കത്തുകളുടെ കാര്യത്തിൽ യാതൊരു നടപടിയും എടുക്കാറില്ല. എന്റെ പ്രവൃത്തി തന്നെ നീതിയിലധിഷ്ഠിതമായി അന്വേഷണം നടത്തുക എന്നതാണ്. പക്ഷെ ഒരാളുടെ പേരറിയാതെ എങ്ങനെ അന്വേഷിക്കാനാവും. എന്നാൽ ആർക്കെങ്കിലും ശിക്ഷ ലഭിച്ചാൽ തന്നെ എന്റെ ഹൃദയത്തിൽ ഒരിക്കലും അവരോട് വെറുപ്പുണ്ടാകാറില്ല, ഒരു പരാതിയുമുണ്ടായിട്ടില്ല. ഒരഹ്മദിക്ക് ഏതെങ്കിലും വിധത്തിൽ ശിക്ഷാനടപടികളുണ്ടാവുമ്പോൾ എനിക്ക് ദുഃഖം തോന്നാറുണ്ട്. ഒരഹ്മദി എപ്പോഴും മനസ്സിലാക്കേണ്ട കാര്യം അല്ലാഹു പറയുന്നു. وَاتَّقُوا اللّٰهَ ۭ اِنَّ اللّٰهَ تَوَّابٌ رَّحِيْمٌ

ഭയഭക്തി കൈകൊള്ളുക, അല്ലാഹു തൗബാ സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു. ഇത്തരം തെറ്റിദ്ധാരണയുടെയും ചുഴിഞ്ഞ് നോക്കലിന്റെയും പരദൂഷണത്തിന്റെയും സ്വഭാവമുള്ളവർ സ്വന്തം കാര്യങ്ങളെക്കുറിച്ച് ആത്മപരിശോധന നടത്തുകയും നിങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്യുക. ഈ തിന്മകളിൽ നിന്ന് അല്ലാഹുവിനോട് മാപ്പപേക്ഷിക്കുക. അല്ലാഹു പറയുന്നു. സ്വയം ലജ്ജിതനായി എന്റെയുടുക്കൽ വരുന്നവരുടെ തൗബ ഞാൻ സ്വീകരിക്കുന്നതാണ്. നിങ്ങളോട് കരുണ കാണിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അരുൾ ചെയ്യുന്നു. മനുഷ്യൻ സംശയാസ്പദവും തെറ്റിദ്ധാരണജനകവുമായ കാര്യങ്ങൾ ചെയ്യുമ്പോഴാണ് കുഴപ്പങ്ങളുണ്ടാകുന്നത്. സദ്‌വിചാരമുണ്ടായാൽ എന്തെങ്കിലും നൽകാനുള്ള അവസരമുണ്ടാകുന്നു. ആദ്യപടിയിൽതന്നെ കലമുടച്ചാൽ പിന്നെ ലക്ഷ്യസ്ഥാനത്ത് എങ്ങനെയാണ് എത്താൻ സാധിക്കുക. ഊഹങ്ങൾ തികച്ചും തെറ്റായ കാര്യമാണ്. അത് മനുഷ്യനെ പല നന്മകളിൽ നിന്നും അകറ്റുന്നു. ഇത്തരക്കാർക്ക് അവസാനം അല്ലാഹുവിന്റെ പേരിൽ ഊഹങ്ങളും തെറ്റിദ്ധാരണകളുമുണ്ടാവുന്നു. മറ്റൊരു സ്ഥലത്ത് പറയുന്നു. ഊഹങ്ങളും തെറ്റിദ്ധാരണകളും സത്യത്തിന്റെ വേര് തന്നെ പിഴുതെറിയുന്നു. അതുകൊണ്ട് ഇതിൽ നിന്ന് രക്ഷപ്പെടുക. സത്യസന്ധന്മാരുടെ അത്ഭുതകൃത്യങ്ങൾ കരഗതമാകാനായി ദുആ ചെയ്യുക. പറഞ്ഞു. ചില തിന്മകൾ വളരെ നേർത്തതാണ്. മനുഷ്യൻ അതിൽ അകപ്പെടുന്നു. യുവാവും വൃദ്ധനുമായാലും തിന്മയിലാണ് അകപ്പെട്ടിരിക്കുന്നത് എന്നറിയാൻ അവന് കഴിയുന്നില്ല. തിന്മകൾ ചെയ്തുകൊണ്ടേ പോകുന്നു. ഉദാഹരണത്തിന് പരാതി പറഞ്ഞുനടക്കുന്ന ശീലം. ഇത്തരക്കാർ ഇതിനെ വളരെ നിസ്സാരമായിട്ടാണ് കാണുന്നത്. എന്നാൽ വിശുദ്ധ ഖുർആനിൽ വളരെ സങ്കീർണ്ണമായ തിന്മയായിട്ടാണ് പറഞ്ഞിരിക്കുന്നത്. പറയുന്നു.

اَيُحِبُّ اَحَدُكُمْ اَنْ يَّاْكُلَ لَحْمَ اَخِيْهِ

തന്റെ സഹോദരനെ തരം താഴ്ത്തുന്ന വാക്കുകൾ സംസാരിക്കുകയോ അവന് വേദനയുണ്ടാക്കുന്ന കാര്യങ്ങൾ പറയുകയോ ചെയ്യുന്നവരോട് അല്ലാഹു കോപിക്കുന്നു. തന്റെ സഹോദരനെപ്പറ്റി പറഞ്ഞ് അവനെ അറിവില്ലാത്തവനെന്ന് തെറ്റിദ്ധരിപ്പിച്ചാൽ അല്ലെങ്കിൽ അവന്റെ ഏതെങ്കിലും കാര്യം കേട്ട് ദേഷ്യം വരികയോ ചെയ്താൽ ഇതെല്ലാം തെറ്റാണ്. അല്ലാഹു നമുക്ക് എല്ലാ വിധ തിന്മകളിൽ നിന്നും രക്ഷപ്പെടാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. എല്ലാ വിധ നന്മകളും സ്വായത്തമാക്കാനുള്ള സൗഭാഗ്യം ലഭിക്കട്ടെ.

അവന്റെ എല്ലാ കൽപനകൾക്കുമനുസരിച്ച് പ്രവർത്തിക്കുന്നവരാക്കട്ടെ. അവന്റെ തൃപ്തിയുടെ പര്യായമായ സ്വർഗ്ഗം കരസ്ഥമാക്കുന്നവരാകട്ടെ.

ഇന്നും ഒരു ദുഃഖവാർത്തയുണ്ട്. ജനാബ് മുംതാസ് സാഹിബിന്റെ മകൻ ജനാബ് സമീഉള്ളാ സാഹിബ് - ശഹ്സാദ്പൂർ ജില്ല സാങ്കഡ് ഇദ്ദേഹത്തെ ഫിബ്രുവരി 3 ന് ശഹ്സാദ്പൂരിൽ വെച്ച് ശഹീദാക്കുകയായിരുന്നു ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ. ഇലക്ട്രിക് മോട്ടോർ വൈന്റിങ്ങിന്റെ ഒരു ഷോപ്പ് നടത്തുകയായിരുന്നു. വൈകുന്നേരം കടയടച്ച് ഗ്രാമത്തിലേക്ക് വരുമ്പോൾ ബൈക്കിൽ വന്ന രണ്ട് പേർ അദ്ദേഹത്തെ തടഞ്ഞ് അടുത്ത് വന്ന് ഒരാൾ വഴി ചോദിക്കുകയും മറ്റൊരാൾ തലയിൽ പിസ്റ്റൾ വെച്ച് നിറയൊഴിക്കുകയായിരുന്നു. സംഭവസ്ഥലത്ത് വെച്ച് തന്നെ ശഹീദായി. 53 വയസ്സായിരുന്നു. ജമാഅത്തിന്റെ ഊർജ്ജ്വസ്വലനായ പ്രവർത്തകനും. ഇസ്ലാഹോ ഇർശാദ് സെക്രട്ടറി, ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി, സഈം അൻസാറുല്ലാഹ്, നാഇബ് നാസിം അൻസാറുള്ളാ എന്നീ പദവികളിൽ സേവനമനുഷ്ഠിച്ചയാളുമായിരുന്നു. ഊർജ്ജ്വസ്വലനായ ദാഈ ഇലല്ലാഹ് ആയിരുന്നു. കടയിൽ എതിർപ്പുണ്ടായിട്ടും ധൈര്യത്തോടെ എം.ടി.എ കണക്ട് ചെയ്ത് തബ്‌ലീഗ് ചെയ്യുമായിരുന്നു. ജമാഅത്തിന്റെ ചോദ്യോത്തരസദസ്സുകളും അദ്ദേഹത്തിന്റെ അഭ്യർത്ഥനപ്രകാരം നടക്കുമായിരുന്നു മൂസിയായിരുന്നു. രണ്ട് വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. ആദ്യഭാര്യയും 3 പെൺകുട്ടികളും ഒരാണും കാനഡയിലും രണ്ടാം ഭാര്യയും ഒരു മകനും മകളും കൂടെതന്നെയുണ്ടായിരുന്നു. അല്ലാഹു ശഹീദിന് തന്റെ തൃപ്തിയുടെ പര്യായമായ സ്വർഗ്ഗത്തിൽ ഇടം നൽകുകയും അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. ബന്ധുമിത്രാദികൾക്ക് ക്ഷമയും ധൈര്യവും പ്രദാനം ചെയ്യട്ടെ. അല്ലാഹു അവരുടെ സഹായിയും സംരക്ഷകനുമാവട്ടെ. നമസ്ക്കാരശേഷം ഇദ്ദേഹത്തിന്റെ ജനാസ ഗായിബ് ഉണ്ടായിരിക്കും.


**വിവർത്തനം**

മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം

മുബല്ലിഗ്, കണ്ണൂർ സിറ്റി , **PHONE : 9895109624**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**

**KHALIFATHUL MASIH - V**

**on 05 - 02 - 2010 at**

**Baithul Futuh**

**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode

Published by : **Majlis Khuddamul Ahmadiyya, Kerala**